LIBRARY ARCHIVES Kerala Legislative Assembly

ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതിക്കാർ

247 (2527) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതിക്കാരുടെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതിക്കാർക്ക് വീടും സ്ഥലവും നൽകുന്നതിനായി സ്വീകരിച്ച നടപടികളും ആയത് ലഭിച്ചവരുടെ എണ്ണവും ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇനത്തിൽ ഓരോ വർഷവും സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2009-ൽ കില നടത്തിയ സർവ്വേ അനുസരിച്ച് ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	ഭവനരഹിതർ	ഭൂരഹിതർ
തിരുവനന്തപുരം	4172	7600
കൊല്ലം	1163	10990
പത്തനംതിട്ട	849	2092
ആലപ്പുഴ	964	2019
കോട്ടയം	2022	1446
ഇടുക്കി	997	3323
എറണാകുളം	1876	6721
തൃശ്ശൂർ	3796	4251
പാലക്കാട്	3374	4204
മലപ്പുറം	100	3153
കോഴിക്കോട്	7230	2548
വയനാട്	210	199
കണ്ണൂർ	296	1477
കാസർഗോഡ്	366	2548

(ബി) ഭവനനിർമ്മാണ ധനസഹായ പദ്ധതി നടത്തിപ്പിന് ശീർഷകം നിശ്ചയിച്ച് ബഡ്ജറ്റിൽ ഓരോ വർഷവും നിശ്ചിത തുക വകയിരുത്തി ഭൗതിക ലക്ഷ്യം നിശ്ചയിച്ച് തുക അനുവദിച്ച് നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. യഥാസമയം ഗ്രാമസഭ ലിസ്റ്റ് ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് അപേക്ഷകരെ പത്ര പരസ്യത്തിലൂടെ കണ്ടെത്തി അർഹത പരിശോധിച്ച് ആനുകൂല്യം നൽകിവരുന്നു. നടപ്പ് സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിന് 180 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് നടപ്പുവർഷം 150 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ഭവനനിർമ്മാണ ധനസഹായ പദ്ധതി

വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	8986.01
2012-13	9999.85
2013-14	8484.75
2014-15	12381.45
2015-16	13756.66 (31-1-2016 വരെ)

ദുർബല വിഭാഗ പുനരധിവാസ പദ്ധതി

വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	227.32
2012-13	162.85
2013-14	269.94
2014-15	267.79
2015-16	784.07 (31-1-2016 വരെ)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

GPM. 2/236/2020-45

LIBRARY ARCHIVES Kerala Legislative Assembly

ഭവന പുനരുദ്ധാരണ/അഡീഷണൽ റൂം പദ്ധതി

വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2013-14	1425
2014-15	3333.5
2015-16	2970.75 (31-1-2016 വരെ)

ഭൂരഹിത ധനസഹായ പദ്ധതി

വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	8149.42
2012-13	16937.81
2013-14	9996.5
2014-15	13932.78
2015-16	14508.64 (31-1-2016 വരെ)

പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ

248 (2528) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപെൻഡ്, മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിൽ എത്ര പ്രാവശ്യം കാലതാമസം നേരിട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) നിലവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇപ്പോഴും കുടിശ്ശികയുള്ളതായ മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം കുടിശ്ശിക വന്നു ചേർന്നിട്ടുള്ളതിന്റെ കാരണം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly